"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ വില്പന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്ക് ക്യാബിൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.26/2026/TAXES തീയതി,തിരുവനന്തപുരം, 07-01-2026

---

പരാമർശം:- 1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 03.09.2025-ലെ SLTY/ 3311/2025-MOD1 നമ്പർ കത്ത്

2. 05.12.2025-ലെ ജി.ഒ.(ആർടി) നം.9795/2025/ഫിൻ

**ഉത്തരവ്**

ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നവീകരണ വിഭാഗം ജില്ലാ ഭാഗ്യക്കുറി ഓഫീസറായിരുന്ന കെ.എ.എസ് ഉദ്യോഗസ്ഥനെ വില്പന & അച്ചടി വിഭാഗം ജില്ലാ ഭാഗ്യക്കുറി ഓഫീസറായി നിയമിക്കുകയും ടിയാന് ഡയറക്ടറേറ്റിൽ വിൽപ്പന & അച്ചടി വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ ക്യാബിൻ അനുവദിക്കുകയും ചെയ്തിരുന്നുവെന്നും പിന്നീട് സ്ഥലംമാറ്റത്തിലൂടെ എത്തിയ പുതിയ വിൽപ്പന & അച്ചടി വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ വിൽപ്പന വിഭാഗം ജില്ലാ ഭാഗ്യക്കുറി ഓഫീസർ ഉപയോഗിച്ചുവന്നിരുന്ന ഓപ്പൺ ക്യാബിനാണ് നിലവിൽ ഉപയോഗിച്ച് വരുന്നതെന്നും ഡെപ്യൂട്ടി ഡയറക്ടറുടെ ഔദ്യോഗിക പദവിയുടെ പ്രതിനിധിസ്ഥാനം വെളിവാക്കുന്നതിനും പൊതുസേവനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമതയ്ക്കും ക്യാബിൻ അനുവദിക്കേണ്ടത് അനിവാര്യമാണെന്നും പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. ക്യാബിൻ നിർമ്മാണത്തിനായി സിഡ്കോ തിരുവനന്തപുരം ഡിവിഷൻ ₹49,560/- രൂപയുടെയും ആർട്ട്കോ ലിമിറ്റഡ് ₹1,09,339/- രൂപയുടെയും എസ്റ്റിമേറ്റുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിൽ കുറഞ്ഞ തുക കോട്ട് ചെയ്ത സിഡ്കോയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ₹49,560/- ചെലവിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ വില്പന & പ്രിന്റിംഗ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്കുള്ള ക്യാബിൻ നിർമ്മിക്കുന്നതിനും, പ്രസ്തുത ഇനത്തിലുള്ള ചെലവ് "2075-00-103-94-17 Minor Works" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള ഭരണാനുമതി നല്കണമെന്നും ടി ശീർഷകത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സിഡ്കോ സമർപ്പിച്ച ₹49,560/- (നാല്പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം)-യുടെ ക്വട്ടേഷൻ അംഗീകരിച്ച്, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ വില്പന & പ്രിന്റിംഗ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർക്കുള്ള ക്യാബിൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

4.ഇതിനാവശ്യമായ തുക 2075-00-103-94-17 Minor Works എന്ന ശീർഷകത്തിൽ പരാമർശം (2) പ്രകാരം അധിക ധനാനുമതിയിലൂടെ വകയിരുത്തിയ തുകയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
KABEER C A
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (14.12.2025-ലെ 3315712/Exp.B1/564/2025-Fin പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (TAXES-H1/283/2025-TAXES)

Signed by
ഉത്തരവിൻ പ്രകാരം
Mini G S
Date: 07-01-2026 14:43:42
സെക്ഷൻ ഓഫീസർ